പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3444 18/02/2013- ൽ മറുപടിക്ക്

**'ഗോവർദ്ധിനി പദ്ധതി'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. പി. എ.മാധവൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) 'ഗോവർദ്ധിനി പദ്ധതി'യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; | (എ) 4-6 മാസം പ്രായമായ ഒരു ലക്ഷം കന്നുകുട്ടികളെ 2 വർഷക്കാലം കൊണ്ട് പദ്ധതിയിൽ ചേർത്ത് അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ തീറ്റ, ആരോഗ്യപരിരക്ഷണം എന്നിവയ്ക്ക് സഹായം നൽകുക എന്നതാണ് ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിൽ ആദ്യത്തെ വർഷം 50,000 കന്നുകുട്ടികളെയും, രണ്ടാം വർഷം അടുത്ത 50,000 കന്നുകുട്ടികളെയും സംസ്ഥാനത്തേക്ക് പുതുതായി എത്തിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശ ഭരണസ്ഥാപനങ്ങളും പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകും. |
| (ബി) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു; വിശദമാക്കുമോ; | (ബി) രണ്ടുവർഷ കാലയളവുകൊണ്ട് ഒരു ലക്ഷം കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അവയ്ക്ക് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പരിചരണ മുറകളും തീറ്റ സബ്സിഡിയും മറ്റും നൽകുക വഴി മികച്ച പ്രത്യുൽപ്പാദനക്ഷമതയുള്ള ആരോഗ്യമുള്ള കന്നുകാലി സമ്പത്തുണ്ടാക്കാൻ സാധിക്കും. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ? | (സി)കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ഗുണഭോക്താക്കളുടെയും സഹകരണത്തോടെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കാം എന്നാണ് നിലവിൽ വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ